സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിൽ ഒഴിവുള്ള സിവിൽ പോലീസ് ആഫീസർ തസ്തികയിലേക്ക് ശ്രീ. അനിൽകുമാർ. വി.ആർ .(SCPO(G) N. 2357) -നെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 1095/12/Est-I** നന്തൻകോട്, **15/3/2018**

---

പരാമർശം :- (1) ശ്രീ. അനിൽകുമാർ. വി.ആർ. (SCPO(G) N. 2357) ന്റെ 20.11.2017 ലെ അപേക്ഷ.
(2) 07-12-2017 ലെ മേൽ നമ്പർ കത്ത്.
(3) 08-03-2018 ലെ സ.ഉ. (സാധാ) നം. 833/2018/റവ നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് ആഫീസിൽ ഒഴിവുള്ള സിവിൽ പോലീസ് ആഫീസർ തസ്തികയിലേക്ക് .നിയമിക്കണമെന്ന് ആവശ്യപ്പെട്ട് ക്രൈംബ്രാഞ്ച് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം -1 പത്തനംതിട്ട സബ് യൂണിറ്റിലെ ശ്രീ. അനിൽകുമാർ. വി.ആർ.(SCPO(G) N. 2357) ന്റെ പരാമർശം 1 അപേക്ഷ ലഭിച്ചു. അതിൻപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുള്ള സിവിൽ പോലീസ് ആഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ശ്രീ. അനിൽകുമാർ. വി.ആർ. -നെ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് പരാമർശം 2 -ൽ സർക്കാരിനോട് ആവശ്യപ്പെട്ടു.

സീനിയർ സിവിൽ പോലീസ് ആഫീസർ ശ്രീ. അനിൽകുമാർ. വി.ആർ (CPO/SCPO) നെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മാവേലിക്കരയിലെ ദേവസ്വം വിജിലൻസ് ആഫീസിൽ ഒഴിവുള്ള സീനിയർ സിവിൽ പോലീസ് ആഫീസർ (CPO/SCPO) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥ പ്രകാരം ഒരു വർഷത്തേക്ക് നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നുവെന്നും അന്യത്രസേവന നിയമനം സംബന്ധിച്ച് 10-05-2013 ലെ 42/2013/ധന നമ്പർ സർക്കുലറിലെ എല്ലാ വ്യവസ്ഥകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണെന്നും കൂടാതെ ഇത് സംബന്ധിച്ച് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ വ്യവസ്ഥകളും നിർദ്ദേശങ്ങളും ഈ നിയമനത്തിന് ബാധകമായിരിക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കപ്പെടാതെ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പ്തല ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണെന്നും വിവരിച്ചുള്ള പരാമർശം 3 സർക്കാർ ഉത്തരവ് ലഭിച്ചു.

(മറുപുറം)

EOP

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരവും നിലവിലുള്ള വ്യവസ്ഥകൾ പ്രകാരവും മാവേലിക്കര വിജിലൻസ് ആഫീസിൽ ഒഴിവുള്ള സിവിൽ പോലീസ് ആഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് ശ്രീ അനിൽകുമാർ. വി.ആർ. -നെ (SCPO(G) N. 2357) നിയമിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ - നടപടിക്കായി
2. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
3. അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം)/ആഭ്യന്തരം വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം - ആമുഖ കത്ത് സഹിതം
4. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
6. The incumbent
7. ഇ.ഡി.പി. സെക്ഷൻ
8. സെക്ഷൻ ഫയൽ
9. ഫയൽ ബുക്ക്
10. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK